## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2513** 17/08/2017-ൽ മറുപടിക്ക്

## ' കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ'

**ചോദ്യം** **മറുപടി**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**

ശ്രീ.കെ.ഡി.പ്രസേനൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് താഴെപ്പറയുന്ന 6 ഇനം ക്ഷേമാനുകൂല്യങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>1) **റിട്ടയർമെന്റ് ആനുകൂല്യം (അധിവർഷാനുകൂല്യം):-** 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625/-രൂപ എന്ന നിരക്കിൽ അധിവർഷാനുകൂല്യം നൽകി വരുന്നു.<br><br>2) **വിവാഹധനസഹായം:-**<br>ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കും 2000/- രൂപ വിവാഹ ധനസഹായമായി നൽകി വരുന്നു.<br><br>3) **മരണാനന്തര ധനസഹായം:-**<br>60 വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് മരണമടയുന്ന തൊഴിലാളികളുടെ നിയമപരമായ അവകാശിക്ക് 2000/-രൂപ മരണാനന്തര ധനസഹായമായി നൽകി വരുന്നു.<br><br>4) **പ്രസവ ധനസഹായം:-**<br>ക്ഷേമനിധിയിലെ വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി ബോർഡിൽ നിന്നും 1000/- രൂപയും സർക്കാർ ധനസഹായമായി 14.000/- രൂപയും ഉൾപ്പെടെ 15,000/-രൂപ നൽകി വരുന്നു. |

| | | |
|---|---|---|
| | | 5) <u>**ചികിത്സാ ധനസഹായം:-**</u><br>അംഗങ്ങളുടെ ചികിത്സയ്ക്കായി നൽകി വരുന്ന ഈ ആനുകൂല്യം ഓരോ 5 വർഷത്തിനും പരമാവധി 2500/- രൂപ വരെയാണ്.<br>6) <u>**വിദ്യാഭ്യാസ ധനസഹായ പദ്ധതി:-**</u><br>ക്ഷേമനിധി അംഗങ്ങളുടെ SSLC/THSLC പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന മക്കൾക്ക് ഓരോ വർഷവും ബോർഡ് നിശ്ചയിക്കുന്ന തുക ക്യാഷ് അവാർഡായി നൽകി വരുന്നു. |
| (ബി) | വിവാഹ ധനസഹായമായി നിലവിൽ എത്ര രൂപയാണ് നൽകുന്നത്. ഇത് വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) വിവാഹ ധനസഹായമായി 2000/-രൂപയാണ് നിലവിൽ നൽകി വരുന്നത്. ബോർഡിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് കഴിയുകയില്ല. |
| (സി) | വിവിധ ആനുകൂല്യങ്ങൾക്കായി നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | സി) ബോർഡിൽ നിന്നും 2010 മുതലുള്ള വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. ഓരോ വർഷവും ബോർഡിന് ലഭിക്കുന്ന ആനുകൂല്യ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഏകദേശം 35 കോടിയോളം രൂപ ആവശ്യമാണ്. എന്നാൽ ബോർഡിന് ഒരു വർഷം ആകെ ലഭിക്കുന്ന വരുമാനം 9 കോടി രൂപ മാത്രമാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനയിൽ, അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി വകയിരുത്തിയിരുന്ന 30,00,00,000/- (മുപ്പത് കോടി രൂപ മാത്രം) പിൻവലിച്ച് പ്രസ്തുത ബോർഡിന് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി 31/07/2017-ലെ സ.ഉ (സാധാ)നം.996/17/തൊഴിൽ, പ്രകാരം ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**